# അഭിമുഖങ്ങളെ എങ്ങനെ നേരിടാം?
## (അഥവാ വടി കൊടുത്ത് അടി വാങ്ങുന്നതെങ്ങനെ?)



**കഥക്കൂട്ട്**

തോമസ് ജേക്കബ്

അഭിമുഖമേശയിൽ അപ്പുറത്തിരിക്കുന്നയാളെ ചോദ്യങ്ങൾകൊണ്ടു നിലംപരിശാക്കണമെന്നു വിചാരിച്ച് അഭിമുഖങ്ങൾക്കു പോകുന്നയാളുകളാണു കൂടുതലും. രാകികൂർപ്പിച്ച ചോദ്യങ്ങൾ അതിനായി സ്വരൂപിച്ചുവയ്ക്കുന്നതും സ്വാഭാവികം. 'ന്യൂ വിഷൻ' മാസികയ്ക്കു വേണ്ടി, ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തയുമായുള്ള ദീർഘാഭിമുഖത്തിനു പോയ മാസികയുടെ എഡിറ്ററും മാവേലിക്കര ബിഷപ് മൂർ കോളജ് പ്രിൻസിപ്പലുമായ ഡോ. മാത്യു കോശി പുന്നയ്ക്കാട് പക്ഷേ, മറ്റൊരു അനുഭവത്തിലൂടെയാണു കടന്നുപോയത്. 1994മുതൽ 2007 വരെ പലയവസരങ്ങളിലും തുടർന്ന് മാസംതോറും ഇപ്പോഴും തുടരുന്ന അഭിമുഖസംഭാഷണങ്ങൾ തിരഞ്ഞെടുത്ത് പ്രസിദ്ധീകരിച്ച 'ചിരിക്കുന്ന ചിന്തിപ്പിക്കുന്ന മെത്രാപ്പോലീത്ത' എന്ന നല്ല പുസ്തകം ക്രിസോസ്റ്റം തിരുമേനിയുടെ ചിരിയും ചിന്തയും മാത്രമല്ല, ചീറിവരുന്ന ചോദ്യങ്ങളെ എങ്ങനെ മറുവെട്ടുകൊണ്ടു തരിപ്പണമാക്കാമെന്നുംകൂടി അറിയിക്കുന്നു.

തിരുമേനിയെ ആദ്യമായി അഭിമുഖം നടത്താൻ ചെന്ന ദിവസമുണ്ടായ ചമ്മലിനെക്കുറിച്ച് ഡോ. മാത്യു കോശി പുസ്തകത്തുടക്കത്തിൽത്തന്നെ പറയുന്നുണ്ട്;സാമ്പിൾ വെടിക്കെട്ടുപോലെ. തിരുമേനിയെക്കുറിച്ചും മാർത്തോമ്മാ സഭയെക്കുറിച്ചും വായിക്കാവുന്ന എല്ലാ പുസ്തകങ്ങളുമറ്റും വായിച്ചാണ് അദ്ദേഹം അഭിമുഖത്തിനെത്തിയത്. ഒപ്പം, ഒരു സഹപ്രവർത്തകനും. അഭിമുഖത്തിനിടെ അദ്ദേഹം തിരുമേനിയോടു ചോദിച്ചു, ക്രൈസ്തവ ബിഷപ്പുമാരുടെ ജീവിതവും പ്രസംഗവും തമ്മിലുള്ള അന്തരം സഭയെ ക്രൈസ്തവേതരരുടെയിടയിൽ തരംതാഴ്ത്താൻ ഇടയാക്കിയിട്ടില്ലേ എന്ന്. തിരുമേനി ഏതുത്തരം പറഞ്ഞാലും അതിനു മറുചോദ്യം കൈവശം ഉള്ളതിനാൽ വലിയ ആത്മവിശ്വാസത്തോടെയായിരുന്നു ആ ചോദ്യം ചോദിച്ചത്. ഉത്തരംമുട്ടിക്കാൻ ഒരുമ്പെട്ടയാളുടെ മുഖത്തുനോക്കി പക്ഷേ, തിരുമേനി പറഞ്ഞ മറുപടി ഇതാണ്:

– ലോകത്തിൽ പ്രസംഗിച്ചതുപോലെ ജീവിച്ച മൂന്നു വ്യക്തികളെ എനിക്കറിയാം. ഒന്ന്, കർത്താവായ യേശുവാണ്. ബാക്കി രണ്ടുപേർ നിങ്ങൾ രണ്ടു പേരും..!

ഡോ. മാത്യു കോശിയുടെ കൂടെയുണ്ടായിരുന്നയാൾ ശരിക്കും മഞ്ഞളിച്ചുപോയി. എന്നിട്ട്, തിരുമേനി കാണാതെ ചോദ്യകർത്താവിന്റെ കാലിൽ ചവിട്ടുകയും ചെയ്തു. വടി കൊടുത്ത് അടി വാങ്ങേണ്ട വല്ല ആവശ്യവുമുണ്ടായിരുന്നോ എന്നാണ് ആ ചവിട്ടിന്റെ പിന്നിലെന്ന് മാത്യു കോശിക്കും മനസ്സിലായി. ചമ്മലറിയിക്കാതെ രണ്ടു ചോദ്യം കൂടി ചോദിച്ച് വൈകാതെയവർ സ്ഥലം വിടുകയും ചെയ്തു.

പക്ഷേ, അതിദീർഘവും ഉൾക്കാമ്പുള്ളതുമായ അഭിമുഖപരമ്പരയുടെ തുടക്കമായിത്തീർന്നു ആ ചമ്മൽചവിട്ട്. അഭിമുഖങ്ങളിലുടനീളം പിന്നീട് ഇത്തരം അതിഗംഭീരമായ മറുവെടികൾ ഉണ്ടാവുകയും ചെയ്തു. പുസ്തകത്തിൽ അവകൂടി ഉൾപ്പെടുത്താൻ ഡോ. മാത്യു കോശിക്കു തോന്നിയ 'സ്പിരിറ്റിനു' ഒരു സലാംകൊടുത്ത് അടുത്ത മറുവെടികളിലേക്കു കടക്കട്ടെ:

ക്രിസ്റ്റോസെൻട്രിക് മാറ്റി തിയോസെൻട്രിക് എന്ന ആശയത്തിലേക്കു വരണമെന്നു പറഞ്ഞാൽ ശരിയാകുമോ എന്ന ആഴമുള്ള ചോദ്യത്തിന്റെ ഉത്തരം ഇങ്ങനെ തുടങ്ങുന്നതു കേട്ടാൽ എന്തു ചെയ്യും:

–ഗ്രീക്ക് പറഞ്ഞു വെരട്ടരുത്...

ബുദ്ധിപൂർവമെന്നു കരുതി ചോദിക്കുന്നു: 'തിരുമേനി കാലം ചെയ്തുവെന്നു കരുതുക. തിരുമേനിയുടെ ഭൗതികശരീരത്തിനടുത്തു നിന്ന് പലരും പ്രസംഗിക്കും. എന്തു പ്രസംഗിക്കണമെന്നാ തിരുമേനി ഇപ്പോൾ ആഗ്രഹിക്കുന്നത്?'



ഫിലിപ്പോസ് മാർ ക്രിസോസ്റ്റം
മാർത്തോമ്മാ വലിയ മെത്രാപ്പോലീത്ത

ഇതാ വരുന്നു തിരുമേനിയുടെ മനസ്സിലിരുപ്പ് എന്നു കരുതിയിരിക്കുമ്പോൾ കേൾക്കുന്നതോ: 'കോശി സാറിന്റെ മനസ്സിൽ എന്നെക്കുറിച്ച് എന്തഭിപ്രായമാണോ ഇരിക്കുന്നത് അതു പറയണമെന്നാ ഞാനാഗ്രഹിക്കുന്നത്' തീർന്നില്ലേ, വെടി!

മൃതശരീരത്തിൽ പുഷ്പചക്രങ്ങൾക്കു പകരം ഷോൾ അണിയിക്കുന്നതുതന്നെയാണു നല്ലതെന്നതിൽ തിരുമേനിക്കും സംശയമില്ല. പക്ഷേ, 'ഇത് അങ്ങയുടെ ഒരഭിലാഷമായി ഇപ്പോൾ പറയുകയാണെങ്കിൽ ഗുണകരമല്ലാത്ത ചെലവു കുറയ്ക്കുവാൻ സാധിക്കുമല്ലോ' എന്നു ചോദിച്ചാൽ കിട്ടുന്ന മറുപടി മറ്റൊന്ന്: 'എന്നോടുള്ള ആദരവ് പ്രകടിപ്പിക്കാൻ എല്ലാവരും ഷാളുമായി വരണമെന്നു ഞാനെങ്ങനെ പറയും? എനിക്കെന്തു വേണമെന്നു ഞാൻ പറയുന്നതു ശരിയാണോ...അതു ജനങ്ങൾ തീരുമാനിക്കട്ടെ...' തിരുമേനിയുടെ കാലശേഷം എപ്രകാരമുള്ള ഒരു ബിഷപ് ജീവിച്ചിരുന്നു എന്നു പറയാനാണ് ആഗ്രഹിക്കുന്നത് എന്ന ചോദ്യവും അഭിമുഖങ്ങളുടെ അനിവാര്യത തന്നെ. പക്ഷേ:

–ഞാൻ ജീവിച്ചിരുന്നതുപോലെ ജീവിച്ചിരുന്നു എന്നു പറയണം.

ശരി, ഇനി സാമൂഹികപ്രസക്തിയുള്ള കാര്യം ചോദിക്കാമെന്നു കരുതുന്നു, അഭിമുഖകാരൻ.

– വീടുകളിലെ മുതിർന്ന തലമുറ ഇന്നു വളരെ അസ്വസ്ഥരാണ്. എന്നാൽ തൊണ്ണൂറു വയസ്സാവുന്ന തിരുമേനി ഇപ്പോഴും വളരെ ഉല്ലാസവാനാണ്...

ദാർശനികദീപ്തവും വർത്തമാനകാലത്തെ ഉള്ളടക്കുന്നതുമായ മറുപടിക്കു പകരം, പക്ഷേ ഈവിധമൊരു ഒറ്റവരിയുത്തരം: 'മക്കളില്ലാത്തതുകൊണ്ടാണ്...!'

ഒരിക്കൽ അഭിമുഖത്തിനിടെ കയറിവന്ന ഉമ്മൻ ജോർജ് അച്ചൻ ഡോ. മാത്യു കോശി പുന്നയ്ക്കാടിനോടു പറഞ്ഞു, ന്യൂവിഷൻ മാസിക സ്ഥിരമായി വായിക്കാറുണ്ട് എന്ന്.

അതു കേട്ട തിരുമേനി ഒരുഗ്രൻ കമന്റിനുള്ള ചാൻസ് വെറുതെ കളയുമോ?

– ഏതായാലും ആശ്വാസമായി. ഞാനും സാറും (ഡോ.മാത്യു കോശി) മാത്രമേ ന്യൂ വിഷൻ മാസിക വായിക്കുന്നുള്ളുവെന്നായിരുന്നു എന്റെ ധാരണ. അച്ചനുംകൂടി വായിക്കുന്നുണ്ടല്ലേ...!

സ്വർഗത്തെക്കുറിച്ചുള്ള തിരുമേനിയുടെ ദർശനമെന്തെന്ന ചോദ്യം ന്യായം. പക്ഷേ, 'അതെനിക്കറിയാമായിരുന്നെങ്കിൽ നിങ്ങളുമായി ചർച്ച ചെയ്തു ഞാൻ സമയം കളയുമായിരുന്നോ...' എന്നു തുടങ്ങുന്ന മറുപടി അതിലേറെ ന്യായം.

മറ്റൊരിക്കലുണ്ടായ ഒരു കുസൃതിച്ചോദ്യവും മറുപടിയും:

– കരുണാകരൻ സ്വർഗത്തിൽ കാണുമെന്നു തിരുമേനി കരുതുന്നുണ്ടോ?

ഏത് ഉത്തരം പറഞ്ഞാലും കുടുങ്ങുമെന്നറിയാവുന്ന തിരുമേനി ഒഴിഞ്ഞുമാറിയത് ഇങ്ങനെയാണ്:

– അതുകൊള്ളാം. സ്വർഗത്തിൽ ആളിനെ കയറ്റുന്ന ജോലി ആരുമെന്നെ ഇതുവരെയായും ഏൽപ്പിച്ചിട്ടില്ല...

സ്വർഗത്തെക്കുറിച്ചുള്ള തനതായ ഒരു ചിന്തയും തിരുമേനി ഈ അഭിമുഖ പരമ്പരയിൽ അവതരിപ്പിക്കുന്നുണ്ട്. സ്വർഗത്തിൽ ആർക്കും ആരെയും തിരിച്ചറിയാൻകഴിയാത്ത ഒരു സംവിധാനം ഉണ്ടായിരിക്കുമെന്നാണ് തിരുമേനിയുടെ അനുമാനം. അല്ലെങ്കിൽ അവിടെയും ഇവിടത്തെപ്പോലെ കടിപിടി ഉണ്ടാവില്ലേ എന്നാണ് തിരുമേനിയുടെ പഞ്ച്ലൈൻ.

തിരുമേനിയുടെ അനുമാനം ശരിയാണെങ്കിൽ അതിന് മറ്റൊരു ഗുണംകൂടി ഉണ്ടെന്നാണ് എന്റെ അഭിപ്രായം. കേരളത്തിലെ എല്ലാ മെത്രാന്മാരും സ്വർഗത്തിലെത്തിയിട്ടില്ലല്ലോ എന്നു നമുക്കും നമ്മളിൽ പലരും അവിടെ എത്തിയിട്ടില്ലല്ലോ എന്നു തിരുമേനിക്കും തിരിച്ചറിയാൻ കഴിയില്ലല്ലോ!